**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2273** **21-06-2024 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ കരാറുകാർക്ക് നൽകാനുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്ന കരാറുകാർക്ക് സപ്ലൈകോ നൽകാനുള്ള തുക കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വിവിധയിനം ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്ന വിതരണക്കാർക്കുള്ള കുടിശ്ശിക തുക സംബന്ധിച്ച് **18.06.2024** തീയതി പ്രകാരമുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | കുടിശിക നൽകാത്തത് ഭക്ഷ്യവസ്തുക്കളുടെ ലഭ്യതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; | (ബി) | ചില ഘട്ടങ്ങളിൽ തുക വിതരണക്കാർക്ക് നൽകുന്നതിനുണ്ടായ കാലതാമസം ഭക്ഷ്യവസ്തുക്കളുടെ ലഭ്യതയെ ബാധിച്ചിരുന്നു. എന്നിരുന്നാലും വിപണിയിടപെടലിനായി സർക്കാർ നൽകിയ തുക വിതരണക്കാർക്ക് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ചില വിതരണക്കാർ ഇ-ടെണ്ടറിൽ പങ്കെടുക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ളതും ഭക്ഷ്യ വസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിച്ചു വന്നിട്ടുള്ളതുമാണ്.<br><br>സപ്ലൈകോയുടെ വിൽപ്പനശാലകളിൽ സബ്സിഡി, ഫ്രീസെയിൽ നിരക്കുകളിൽ വിൽപ്പന നടത്തുന്ന അവശ്യ സാധനങ്ങൾ സപ്ലൈകോ ഇ-ടെണ്ടർ/ഇ-ലേലം നടപടി കളിലൂടെയാണ് ലഭ്യമാക്കുന്നത്. ഇ-ടെണ്ടർ/ഇ-ലേലത്തിൽ പങ്കെടുക്കുന്ന വിതരണക്കാർ പർച്ചേസ് ഓർഡർ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഡിപ്പോകളിൽ എത്തിച്ചു നൽകുകയാണ് ചെയ്തുവരുന്നത്. |
| (സി) | സബ്സിഡി നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് സപ്ലൈകോയുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) | സപ്ലൈകോയുടെ സ്ഥാപിത ലക്ഷ്യം വിപണിയിൽ ഫലപ്രദമായി ഇടപെട്ട് സംസ്ഥാനത്തെ പൊതുവിപണിവില നിയന്ത്രിക്കുക എന്നതാണ്. ആയതിന്റെ ഭാഗമായാണ് സപ്ലൈകോ 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നത്. സപ്ലൈകോയുടെ നിലവിലെ കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലം എല്ലാ സബ്സിഡി സാധനങ്ങളും എല്ലാ |

| | | | |
|---|---|---|---|
| | | | വിൽപ്പനശാലകളിലും ലഭ്യമാക്കുവാൻ ചിലഘട്ടങ്ങളിൽ സാധിക്കുന്നില്ല. എന്നിരുന്നാലും വിതരണക്കാരുമായി ചർച്ച നടത്തി സാധനങ്ങൾ ലഭ്യമാക്കുവാനുള്ള ശ്രമങ്ങൾ തുടരുന്നുണ്ട്. സപ്ലൈകോയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കൂടുതൽ സബ്സിഡി സാധനങ്ങൾ എത്തിക്കാൻ സാധിക്കുന്നതാണ്. |
| (ഡി) | സബ്സിഡി സാധനങ്ങളുടെ ലഭ്യത ഉറപ്പ വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ? | (ഡി) | സബ്സിഡി ഉൾപ്പെടെയുള്ള അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി വിതരണക്കാരുമായി ചർച്ചകൾ നടത്തി വരുന്നു. വിതരണക്കാർ ഇ-ടെണ്ടർ/ഇ-ലേലത്തിൽ പങ്കെടുക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. സപ്ലൈകോ വില്പനകേന്ദ്രങ്ങളിൽ സബ്സിഡി സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ e - tender / e - auction നടത്തുന്നുണ്ട് . |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ITEM | Pending amount (in crores) |
|---|---|
| Maveli & Non Subsidy (Purchase) | 312.4 |
| FMCG | 149.6 |
| Atta / Ragi | 6.99 |
| Sabari | 17.92 |
| Sugar | 11.67 |
| Local Purchase | 40.06 |
| **Total** | **538.64** |